നൽകിവരുന്നു. പോലീസ് ട്രെയിനിംഗ് കോളേജിൽ നടത്തുന്ന ശാസ്ത്രീയ കുറ്റാന്വേഷണ പരിശീലന പരിപാടികളിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ ക്ലാസ്സ് എടുക്കാറുണ്ട്. ലാബിൽ സജ്ജീകരിച്ചിരിക്കുന്ന ആധുനിക ശാസ്ത്രീയ ഉപകരണങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കാറുണ്ട്. പുതുതായി തുടങ്ങിയ ഡി.എൻ.എ., സൈബർ, നുണപരിശോധന സംവിധാനങ്ങളിൽ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ അന്വേഷണത്തിന് സഹായിക്കുന്ന രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. കുറ്റകൃത്യം നടന്ന സ്ഥലം ശാസ്ത്രീയമായി പരിശോധിക്കാൻ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കാനായി എല്ലാ ജില്ലകളിലും പരിശീലനം സിദ്ധിച്ച ശാസ്ത്രജ്ഞൻമാരെ നിയമിച്ചിട്ടുണ്ട്. കുറ്റാന്വേഷണ മേഖലയിലെ ആധുനിക സങ്കേതങ്ങളെക്കുറിച്ച് അറിവ് ലഭ്യമാക്കുന്നതിനായി BPR&D, Sardar Vallabhai Patel National Police Academy, Lok Nayak Jayaprakash Narayan National Institute of Criminology and Forensic Science, Central Bureau of Investigation Academy തുടങ്ങിയ ദേശീയ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ ക്രൈം ബ്രാഞ്ച് ഓഫീസർമാർ പങ്കെടുത്തുവരുന്നു. ആധുനിക കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസ് ട്രെയിനിംഗ് കോളേജിൽ ഹ്രസ്വകാലവും ദീർഘകാലവുമായി നീണ്ടു നിൽക്കുന്ന കോഴ്സുകൾ കേസ് അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്.

(ഇ) ഓരോ കലണ്ടർ വർഷത്തെയും രണ്ടായി തിരിച്ച് ഓരോ അർദ്ധ വർഷത്തിലും തെളിയിക്കപ്പെടുന്ന പ്രധാന കേസുകളുടെ അന്വേഷണത്തിൽ പ്രശംസനീയമായ മികവ് പുലർത്തുന്ന ഡിവൈ.എസ്.പി. മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഹോണർ മെഡൽ നൽകി അനുമോദിക്കാറുണ്ട്.

കസ്റ്റഡിമരണങ്ങളിൽ മജിസ്ട്രേറ്റുതല അന്വേഷണം നിർബന്ധമാക്കാൻ നടപടി

19 (295) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് നടപടിക്കിടയിൽ ഉണ്ടാകുന്ന മരണം സംബന്ധിച്ച് മജിസ്ട്രേറ്റുതല അന്വേഷണം നിർബന്ധമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശങ്ങളോ മാർഗ്ഗരേഖകളോ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇവ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേസന്വേഷണം പൂർത്തിയാക്കാൻ സമയപരിധി നിഷ്കർഷിച്ചിട്ടുണ്ടോ :

(ഇ) ഇതിനായി നിലവിലുള്ള നിയമങ്ങളിൽ ഇത് സംബന്ധിച്ച് എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കേസന്വേഷണം പൂർത്തിയാക്കാനുള്ള സമയപരിധി സംബന്ധിച്ച് കേസുകളുടെ ഗൗരവവും സ്വഭാവവും പ്രാധാന്യവും അനുസരിച്ചും മറ്റ് ഉന്നതതല നിർദ്ദേശാനുസരണവും പ്രവർത്തിച്ചുവരുന്നു.

(ഇ) ക്രമിനൽ നടപടി നിയമത്തിലെ 173-ാം വകുപ്പിൽ ഇത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

കസ്റ്റഡി മരണങ്ങൾ

20 (296) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസിനെക്കണ്ട് ഓടിയ എത്രപേർ ആറ്റിലോ, കുളത്തിലോ, കിണറ്റിലോ വീണ് മരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേർ വിട്ടയയ്ക്കപ്പെട്ട് ഒരാഴ്ചയ്ക്കുള്ളിൽ മരിക്കുകയോ, മാരകമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതേ കാലയളവിൽ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോകപ്പെട്ട എത്രപേർ കെട്ടിത്തൂങ്ങി മരിക്കുകയോ, ഹൃദയസ്തംഭനംമൂലം മരിക്കുകയോ, പോലീസ് സ്റ്റേഷനുകളിൽവച്ച് മറ്റു കാരണങ്ങളാൽ മരിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ കസ്റ്റഡി മരണം സംബന്ധിച്ച് എത്ര പോലീസുകാരെ സസ്പെൻഡ് ചെയ്തുവെന്നും എത്രപേരുടെമേൽ കൊലക്കുറ്റത്തിന് കേസ്സെടുത്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 12 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇപ്രകാരം 14 പേർ മരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly